Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. KITE/2025/1562 (82) തീയതി : 31.07.2025

# സർക്കുലർ

**വിഷയം:-** **കൈറ്റ് - ലിറ്റിൽ കൈറ്റ്സ് - പുതിയ യൂണിറ്റുകളിലെ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള അഭിരുചി പരീക്ഷ നടത്തിപ്പ് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- 1. സ.ഉ.(സാധാ) നം. 361/2018/പൊ.വി.വ. തീയതി 20.01.2018.
2. ഈ ഓഫീസിലെ 17.06.2025-ലെ കൈറ്റ്/2025/1562(69) നമ്പർ സർക്കുലർ
3. ഈ ഓഫീസിലെ 30.07.2025 ലെ KITE/2025/1562 (81) നമ്പർ സർക്കുലർ.

ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളിലേയ്ക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് സൂചന 3 പ്രകാരം 2025 ആഗസ്റ്റ് 5 ന് നടത്തുന്നതിന് നിശ്ചയിച്ചിരുന്ന അഭിരുചി പരീക്ഷ **സോഫ്റ്റ്‌വെയർ ഉപയോഗിച്ച്** നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. പരീക്ഷാ കേന്ദ്രങ്ങൾക്ക് ചുമതല നൽകിയിട്ടുള്ള മാസ്റ്റർ ട്രെയിനർമാരുടെ പേരു വിവരം 2025 ആഗസ്റ്റ് 1 വൈകിട്ട് 3 മണിയ്ക്കകം സ്റ്റേറ്റ് ഓഫീസിൽ നൽകേണ്ടതാണ്.
2. സൂചന 2 പ്രകാരം പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള നിർദേശങ്ങൾ പാലിക്കേണ്ടതാണ്.
3. പരീക്ഷാ കേന്ദ്രങ്ങളിൽ ആവശ്യമായ കമ്പ്യൂട്ടറുകൾ ക്രമീകരിക്കാൻ പ്രഥമാധ്യാപകർക്ക് നിർദേശം നൽകേണ്ടതാണ്.
4. പരീക്ഷാ ദിവസം രാവിലെ 9 മണിക്ക് ചുമതലപ്പെടുത്തിയിട്ടുള്ള മാസ്റ്റർ ട്രെയിനർ, കൈറ്റ് മെന്റർ എന്നിവരുടെ ചുമതലയിൽ ലിറ്റിൽ കൈറ്റ്സ് ഓൺലൈൻ മാനേജ്മെന്റ് സിസ്റ്റത്തിൽ നിന്നും CSV, പരീക്ഷാ സോഫ്റ്റ്‌വെയർ എന്നിവ ഡൗൺലോഡ് ചെയ്ത് സോഫ്റ്റ്‌വെയർ ഇൻസ്റ്റലേഷൻ പൂർത്തിയാക്കേണ്ടതാണ്.
5. പരീക്ഷാ ദിവസം രാവിലെ 10.30 മുതൽ പരീക്ഷ ആരംഭിക്കേണ്ടതാണ്.
6. പരീക്ഷ പൂർത്തിയാകുന്ന മുറയ്ക്ക് റിസൾട്ട് ഫയലുകൾ ലിറ്റിൽ കൈറ്റ്സ് ഓൺലൈൻ മാനേജ്മെന്റ് സിസ്റ്റത്തിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അനുവദിച്ച എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
എല്ലാ ജില്ലാ കോ-ഓർഡിനേറ്റർ/മാസ്റ്റർട്രെയിനർമാർക്കും

പകർപ്പ്: പൊതുവിദ്യാഭ്യാസ ഡയറക്ടർ - അറിവിലേക്ക്
എല്ലാ ഡി.ഡി.ഇ, ഡി.ഇ.ഒ-മാർക്കും
സ്റ്റോക്ക് ഫയൽ